# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5873 — 28.03.2018-ൽ മറുപടിയ്ക്ക്

## ആരോഗ്യ വകുപ്പിൽ ഡ്യൂട്ടിക്കിടയിൽ അപകടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ, കുന്നോത്ത് പറമ്പ് പി.എച്ച്.സി.യിലെ ശ്രീ. അശോകൻ.സി.പി, സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച് അബോധാവസ്ഥയിൽ കിടക്കുന്ന ഇദ്ദേഹത്തിന് പ്രത്യേക അവശത അവധിയ്ക്ക് അപേക്ഷിച്ചിട്ടുണ്ടോ ; | എ), ബി) & സി) | കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയ ശ്രീ. അശോകൻ.പി.പി, 30.11.2016 മുതൽ 180 ദിവസത്തേക്ക് പ്രത്യേക അവശതാവധിക്കായി ഉചിത മാർഗ്ഗേണ അപേക്ഷിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുകയും, ടിയാന് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 ഉം അതിനു താഴെയുള്ള നിബന്ധനയും പ്രകാരം 30.11.2016 മുതൽ 119 ദിവസത്തേക്ക് പൂർണ്ണ ശമ്പളത്തോട് കൂടി പ്രത്യേക അവശതാവധി അനുവദിക്കുകയും ബാക്കി കാലയളവിലേക്ക് ടിയാന് അർഹതപ്പെട്ട മറ്റ് അവധിയും അതനുസരിച്ചുള്ള അവധി ശമ്പളവും അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ, സ.ഉ (സാധാ) നം. 2190/2017/ആ.കു.വ, തി. 4.8.2017 പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 01.06.2017 മുതൽ മൂന്ന് മാസകാലയളവിലേക്ക് പ്രത്യേക അവശതാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ടിയാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും കെ.എസ്.ആർ, ഭാഗം I, ചട്ടം 98 ഉം അതിനു താഴെയുള്ള നിബന്ധനയും പ്രകാരം 30.11.2016 മുതൽ 119 ദിവസത്തേക്ക് പൂർണ്ണ ശമ്പളത്തോടുകൂടി പ്രത്യേക അവശതാവധി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന് വീണ്ടും പ്രത്യേക അവശതാവധി അനുവദിക്കാനാവില്ല എന്നും ടിയാന് അർഹതപ്പെട്ട മറ്റ് അവധികളോ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയോ ഉപയുക്തമാക്കാവുന്നതാണെന്നും 6.12.2017 ലെ 422/സി2/2017/ആ.കു.വ നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ പ്രത്യേക അവശത അവധി അനുവദിക്കാൻ സാങ്കേതിക തടസ്സം എന്താണെന്ന് വിശദമാക്കാമോ ; | | |
| സി) | പ്രത്യേക അവശത അവധി അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | | |
| ഡി) | ഇദ്ദേഹത്തിന്റെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷയിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ഡി) | മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ സർക്കാർ പരിശോധിച്ച് വരികയാണ്. |

Milan

സെക്ഷൻ ഓഫീസർ